# രാജസൂയം

# RAJASOOYAM

₹50 | 2018 ജൂൺ - ആഗസ്റ്റ്




റഫീക്ക് അഹമ്മദ്
സി. രാധാകൃഷ്ണൻ
ദേശമംഗലം രാമകൃഷ്ണൻ
വി. ബി. ജ്യോതിരാജ്
വി. എം. ഗിരിജ
പ്രൊഫ: സി. രവീന്ദ്രനാഥ്
എം. കെ ഹരികുമാർ
കെ. പി. സുധീര
ഡോ. എം. കൃഷ്ണൻ നമ്പൂതിരി
ജെ. ആർ. പ്രസാദ്
പി. കെ. ഗോപി
ഡോ. ചേരാവള്ളി ശശി
ഡോ. ആർ. ശ്രീലതാവർമ്മ
സന്ധ്യ ഇ.
റഷീദ് പാനൂർ
സമദ് പനയപ്പിള്ളി
പ്രൊഫ. ടോണി മാത്യു
ബഷീർ മേച്ചേരി
അലി കടുകശ്ശേരി
ഡോ. എം. എസ്. ഷബീർ
വി. കെ. കെ. രമേഷ്
ശിവദാസൻ എ. കെ.
കെ. ആർ. ഇന്ദിര

**ലേഖനങ്ങൾ – 12**
**കഥകൾ – 11**
**കവിതകൾ – 26**
**സമ്പൂർണ്ണ നോവൽ – 01**
**പഠനം – 01**
**ഓർമ്മ/അനുഭവക്കുറിപ്പുകൾ – 05**

**ഓണപ്പതിപ്പ്**

കഥ

**ശിവദാസൻ എ. കെ.**



# പുനർജ്ജനി

രണ്ടാഴ്ച മുൻപ് പൂട്ടിയ ബിവറേജസ് കോർപ്പറേഷന്റെ മദ്യശാലയിൽ നിന്നും അത്രയും പഴക്കമുള്ള മദ്യഗന്ധം തലയിലേറ്റിയൊരു കാറ്റ് പുനർജ്ജനിയുടെ മുറ്റത്തേക്ക് കയറി വന്നു. അത് പടിക്കെട്ടിലിരുന്ന പ്രഹ്ളാദന്റെ തോളിലൊന്ന് തട്ടി, നിറയെ കായ്ചുകിടന്ന ഒരു നാട്ടുമാവിനെ വലം വെച്ച് തൊട്ടപ്പുറത്ത് മഹാഗണിച്ചുവട്ടിലിരുന്ന ഉത്തമന്റെ മൂക്കിൽ മുട്ടി നിന്നു.

"എന്തോ ഒരു കെട്ട വാട"

തല വെട്ടിച്ച് ഉത്തമൻ അടുത്തിരുന്ന ഭാർഗ്ഗവിയോടു പറഞ്ഞു.

പിടുത്തം വിട്ട കാറ്റ് തൊട്ടപ്പുറത്ത് വിളക്കുകാലുകളുടെ നിഴലിലേക്ക് മാറി . അവിടെ ശശീന്ദ്രനും, ഫാൽഗുനനും, കമലാദാസും കപ്പലണ്ടി കൊറിച്ചു കൊണ്ടിരുന്നു.

കുറച്ച് നേരം അത് കണ്ടു നിന്ന കാറ്റ് ആദ്യം ശശീന്ദ്രന്റെയും, പിന്നെ ഫാൽഗുനന്റെയും പിന്നെ കമലാദാസിന്റെയും മുഖത്തൊട്ടാൻ ശ്രമിച്ചു.

അവർ ചുമച്ചും, തുമ്മിയും കാറ്റിനെ പുറത്തുചാടിച്ചു.



ഗത്യന്തരമില്ലാതെ അത് മദ്യശാലയിരുന്നിടത്തേക്ക് തിരിച്ചു പോയി.

അപ്പോൾ മദ്യശാല മാറ്റിയതറിയാതെ അതു വഴി വന്ന രണ്ടു പേർ "ഈ കടയെവിടേക്കാ മാറ്റിയേ" എന്ന് ഒരോട്ടോക്കാരനോട് അന്വോഷിക്കുന്നത് കേട്ട് അങ്ങോട്ടു ചെന്ന കാറ്റ് ആ ഓട്ടോയിൽ കയറി അവരോടൊപ്പം പോയി.

കെട്ട വാട എന്നു പറഞ്ഞെങ്കിലും ആ പരിചിത ഗന്ധം ഉത്തമൻ തിരിച്ചറിഞ്ഞിരുന്നു.

അത് ഉത്തമന്റെ ഓർമ്മയെ ചെന്ന് തൊട്ടു.

"വാ -"

ഓർമ്മ കൂടെയിറങ്ങി ചെന്നു.

ചന്നം പിന്നം മഴ പെയ്യുന്നു. ചിലപ്പോൾ കുടം തുള്ളിയായും, ചിലപ്പോൾ തിരിനൂൽ കണക്കായും മഴ താഴേക്ക് വന്നു. തുള്ളിയോട് തുള്ളിചേർന്ന് മത്സരിച്ച് മൺതോടിന്റെ ചെകിളകളെ കുത്തിയിളക്കി, ചേറു പുരണ്ട മഴ താഴേക്ക് നീണ്ടു.

"ചേട്ടാ, അമ്പതുറുപ്യ കടം തരോ?"

"രാവിലെ തന്നെ കടം ചോദിക്കാണ്ട് നീ നിന്റെ കാര്യം നോക്ക് ഉത്തമാ."

ശങ്കരൻ തല ചൊറിഞ്ഞു കൊണ്ട് പറഞ്ഞു.

ഉത്തമൻ വീണ്ടും നിന്നു. പ്രതീക്ഷയോടെ . മഴ തലയിലൊളിച്ചിരുന്നത് ചെന്നിയിലൂടെ തെളിഞ്ഞൊഴുകി.

ശങ്കരേട്ടൻ മേശ "ടപ്പേ "എന്നടച്ചു.

ഉത്തമൻ നിരാശനായി പിൻതിരിഞ്ഞു.

"നല്ല വിദ്യാഭ്യാസൊള്ള ചെറുക്കനാണ്. കൊള്ളാവുന്ന ഒരു ഭാര്യേം പൊന്നും കൊടം പോലെ ഒരു പെൺകുട്ടീം. പറഞ്ഞിട്ടെന്താ കാര്യം. കുടി തന്നെ കുടി. കുടുംബം നോക്കില്യ. കടം ചോദിക്കണത് കുടിക്കാനാ. ഇവിടെ തന്നേൽപ്പിച്ചക്കല്ലേ, ശവി."

ശങ്കരേട്ടൻ രാവിലത്തെ ചായക്ക് മുന്നിലിരുന്നവരോട് പറഞ്ഞു.

ചിണുങ്ങി കരയുന്ന മഴയിലൂടെ പാറ്റകൾ ചിത്രം വരച്ച ഒറ്റക്കുടയിൽ ഭാർഗ്ഗവിയും ഉത്തരയും ബസ്സ് സ്റ്റോപ്പിലേക്ക് വന്നു.

ഉത്തമന് കലക്കവെള്ളത്തിൽ ഹാലിളകി.

അയാൾ മഴയത്തിറങ്ങി ഒരു കാല് കൊണ്ട് വെള്ളം

മറ്റേക്കാലിലേക്ക് "ഠേ "എന്ന് അടിച്ചു തെറിപ്പിച്ചു.

ഉത്തമൻ കുട്ടിയായി. കലക്കവെള്ളത്തിന് സന്തോഷമായി. കൂടെ കളിക്കാൻ ഒരാളെ കിട്ടിയല്ലോ.

അവൻ വീണ്ടും, വീണ്ടും വെള്ളം അടിച്ചു തെറിപ്പിച്ചു.

"അമ്മേ, അച്ഛൻ."

ഉത്തരയുടെ അടഞ്ഞ ശബ്ദം ഭാർഗ്ഗവിയെ കൊളുത്തി വലിച്ചു.

"ആ കുടിയന്റെ ഭാര്യം മോളും."

കടത്തിണ്ണകളിൽ നിന്ന് നൂറു കണ്ണുകൾ മഴ ഭേദിച്ചു വന്നു.

നാലു കാലിൽ തനിച്ചായ ബസ്സ് സ്റ്റോപ്പിനു കീഴെ അമ്മയും മകളും നിന്നു.

പകലിനെ തോൽപ്പിച്ചൊരു മിന്നൽ തെളിഞ്ഞു മിന്നി.

ഉത്തമൻ ആരേയും കണ്ടില്ല.

അയാൾ കലക്കവെള്ളത്തിൽ തെന്നിവീണു എണീറ്റു.

കണ്ടുനിന്നവർ ആർത്തു ചിരിച്ചു.


നല്ല പുകില്.

നാലു കാലിലെ ബസ്സ് സ്റ്റോപ്പിലേക്ക് കൈയ്യിൽ ഒരുപാട് ചരടു കെട്ടിയ ഒരു ചെറുക്കൻ കയറി വന്നു.

ഭാർഗ്ഗവിയെ തെല്ലും ഗൗനിക്കാതെ അവൻ ഉത്തമനെ ചൂണ്ടി ഉത്തരയോട് ചോദിച്ചു.

"ആ ചേട്ടന്റെ മോളാല്ലേ."

ഉത്തര നിന്നുരുകി.



രണ്ടാഴ്ച മുൻപ് പൂട്ടിയ ബിവറേജസ് കോർപ്പറേഷന്റെ മദ്യശാലയിൽ നിന്നും അത്രയും പഴക്കമുള്ള മദ്യഗന്ധം തലയിലേറ്റിയൊരു കാറ്റ് പുനർജ്ജനിയുടെ മുറ്റത്തേക്ക് കയറി വന്നു. അത് പടിക്കെട്ടിലിരുന്ന പ്രഹ്ളാദന്റെ തോളിലൊന്ന് തട്ടി, നിറയെ കായ്ചുകിടന്ന ഒരു നാട്ടുമാവിനെ വലം വെച്ച് തൊട്ടപ്പുറത്ത് മഹാഗണിച്ചുവട്ടിലിരുന്ന ഉത്തമന്റെ മൂക്കിൽ മുട്ടി നിന്നു.

ബസ്സ് സ്റ്റോപ്പിന്റെ തകര മേൽക്കൂരക്കു മേൽ മഴ പുതിയ താളമിട്ടു.

"മഴ പെയ്യുന്നു, മദ്ദളം കൊട്ടുന്നു."

ഉത്തര ഒരു വലിയ മഴത്തുള്ളിയായി നനയുന്നത് ഭാർഗ്ഗവി കണ്ടു. നേർത്തു വന്ന മഴയുടെ ശിരസ്സിൽ ഉരുവം കൊണ്ട ഒരു മഴവില്ല് ഉത്തരക്കു മുന്നിൽ ഏഴു നിറങ്ങളിൽ പൊട്ടിച്ചിതറി.

"വൈകാതെ വരണേ"

ഭാർഗ്ഗവി മകളെ യാത്രയാക്കി.

ആകെ നനഞ്ഞു വന്ന ഒരു ബസ് നഗരയാത്രയിലേക്ക് ഉത്തരയേയും കൂടെക്കൂട്ടി.

മഴയൊഴിവായ നഗരത്തിലൂടെ ഉത്തര നടന്നു.

ലോകം ഒരു വലിയ കണ്ണായി അവളെ നോക്കി. അവളോരൊ നോക്കിലും ചുരുങ്ങി, ചുരുങ്ങി ഒരു പുഴുവിനോളം ചെറുതായി . ഒടുവിൽ ഓടി രക്ഷപ്പെടാനെന്നോണം കുഞ്ഞിക്കാലുകൾ ഊന്നി പൊള്ളിക്കിടന്ന വെയിൽ നിരത്തിലേക്ക് ഊർന്നിറങ്ങി.

ഇരുട്ടു മൂടി കിടന്ന ഇടവഴിയിലൂടെ പ്രഹ്ളാദൻ നടന്നു. വീട് അയാൾക്കു മുന്നിൽ അവ്യക്തമായ ഒരു ചോദ്യചിഹ്നമായി.

വെളുത്ത ചോറ് കലത്തോടെ മുറ്റത്തെറിഞ്ഞ് അവൻ കലി തുള്ളി.

"കെഴട്ടു തള്ള മീനൊന്നും വെയ്ക്കാണ്ട്."

"മീൻ മേടിച്ചു തന്നോ നീ. മഹാപാപി."

"അതൊന്നും എനിക്കറിയണ്ട തള്ളേ, എനിക്ക് മീൻകറി വേണം."

അത്താഴം മുറ്റത്ത് ചിതറിയത് ഒരു വൃദ്ധവയറ് കണ്ടു.

"നീ ജനിച്ചപ്പഴേ ഒടുങ്ങിയെങ്കില് എനിക്കിത്

അനുഭവിക്കേണ്ടി വരില്യാർന്നു."

പെട്ടെന്ന് അവരൊന്ന് നടുങ്ങി. വാവിട്ട മൊഴി തിരിച്ചെടുക്കാനാകാതെ അവരുടെ നെഞ്ച് വിങ്ങി.

മൊഴിയോ, മുറ്റത്തൂടെ തൊടിയിലൂടെ വഴിയിലൂടെ അലഞ്ഞു തിരിഞ്ഞു നടന്നു.

എന്തായാലും പെറ്റതള്ളല്ലേ ഇങ്ങനെ ശപിക്കാമോ.

ഇത്രേം ഗുണോല്യാത്ത ഒരുത്തൻ എന്റെ വയറ്റീപ്പെറന്നല്ലോ.

അപ്പോൾ അമ്മക്ക് മുൻപിലേക്ക് അച്ഛൻ വന്നു. മുൻപേ പോയയാൾ.

"നീയിങ്ങു പോരടീ ലക്ഷ്മീ."

അച്ഛൻ വിളിച്ചു.

"ചെറുക്കനൊറ്റക്കാകില്ലേ."

ആകട്ടും. അന്നേരമറിഞ്ഞോളും . നീയിങ്ങനെ വല്ലാണ്ട് ജീവിക്കേണ്ട.

"എന്നാ ഞാൻ വരാം. പിടിച്ചോണേ."

"ധൈര്യായിട്ട് പോരെ."

കിണറ്റിനടിയിലെ ഇരുട്ടിൽ ചന്ദ്രക്കല തിളങ്ങി.

ചന്ദ്രക്കലയിൽ അച്ഛൻ വിളങ്ങി.

"ദാ, ഞാൻ പോന്നേ."

ഓ. അച്ഛൻ പറഞ്ഞു.

ലക്ഷ്മിയമ്മ കിണറ്റിലേക്ക് ഊളിയിട്ട് പോയി.

പുനർജനിയുടെ പടിക്കെട്ടിലിരുന്ന പ്രഹ്ളാദന്റെ തലക്കു മീതെ അമ്പിളി തെളിഞ്ഞു.

വളഞ്ഞൊരരിവാൾ പോലെ ആകാശത്ത്.

ലക്ഷ്മിയമ്മ ചോദിക്കുന്നു.

"മോനേ അത്താഴം കഴിച്ചോ?"

തല കുലുക്കി നിലാവിൽ മുങ്ങി നിന്നൊരു നാട്ടുമാവ് ചോദിക്കുന്നു.

"പ്രഹ്ളാദാ ഊണു കഴിച്ചോ?"

പ്രഹ്ളാദന്റെ കൺമുന്നിൽ അത്താഴം വെളുത്ത ചോറായി മുറ്റത്തു ചിതറി.

"അമ്മേ', ഒരു തേങ്ങൽ ഇരുട്ടിന്റെ നിശബ്ദതയിലേക്ക് ചീളു പോലെ കടന്നു പോയി.

സിമിത്തേരിയുടെ അകത്ത് മെഴുകു തിരിയായി രാത്രി പിളർന്നു.

നിഴലിലേക്ക് മറഞ്ഞ് പ്രേതങ്ങളെത്തി നോക്കി.

നാലു കള്ളൻമാർ ചീട്ടു കളിക്കുന്നു.

വെളുത്ത കന്നാസിലിരുന്ന് വാറ്റുചാരായം ചിരിച്ചു.

ചീട്ട് കശക്കിയെറിയവേ ഫാൽഗുനൻ അലറി.

കള്ളക്കളി വേണ്ട കണാരാ.

നായിന്റെ മോനെ ആര് കള്ളക്കളി കളിച്ചെന്നാ.

ഈ തൊലഞ്ഞ കളി ഇവിടെ വേണ്ട.

കടലാസിനൊപ്പം ചീട്ടുകൾ ആകാശത്തേക്ക് പറന്നു.

എന്നാ പിന്നെ കണ്ടോ.

ഒരു നിഴൽ ഒറ്റച്ചവിട്ടിന് കണാരനെ തെറിപ്പിച്ചു.

ചവിട്ടിയത് നിഴലാണേ, ഞങ്ങളല്ലേ. ഫാൽഗുനനും, ശശീന്ദ്രനും കമലാദാസും ഒത്തുചേർന്ന് പറഞ്ഞു.

വീണവനെണീറ്റാലോ, ഇരട്ടച്ചങ്കനാണ്. കൂട്ടുകാരനെങ്കിലും വലിയ വാശിയാണ്.

കന്നാസിലെ ചാരായം മുന്നറിയിപ്പ് കൊടുത്തു.

ഒരു വലിയ കല്ലെടുത്ത് തട വെക്ക്.

വലിയ കല്ലുരുട്ടി നെഞ്ചിൽ വെച്ചു.

വേഗം വാ. കല്ലുരുട്ടിക്കളഞ്ഞ് എണീക്കുന്നതിന് മുമ്പ് പോണം.

കണാരൻ മുൻകോപിയാ പോരാത്തതിന് ഇരട്ടച്ചങ്കും.

ശവക്കോട്ടകത്ത് പൂത്ത ശവം നാറികളിൽ രാത്രി വണ്ടുകൾ ഒട്ടി നിന്നു. ഇരുട്ടു മൂടിയ മരത്തിന്റെ കീഴേക്കൊമ്പിലിരുന്ന് ഒരു രാപ്പുള്ള് കരഞ്ഞു.

"കുറ്റിച്ചൂട്, കുറ്റിച്ചൂട്."

പുനർജനിയുടെ മുറ്റത്തിരുന്ന് കപ്പലണ്ടി കൊറിച്ചിരുന്നവരോട് ഒരു നിഴലായി കണാരൻ ചോദിച്ചു.

"നിങ്ങളെന്തേ ഇവിടെ?"

അവർ പരസ്പരം അമ്പരന്നു നോക്കി.

കണാരാ ഇവിടെങ്ങനെ

ഇതു പുനർജനിയല്ലേ . കണാരൻ ചോദിച്ചു.

എങ്കീ കണാരാ നമുക്ക് നാലാൾക്കും ഒരിക്കൽ കൂടി ചീട്ടു കളിക്കണം.

വേണം.

കണാരൻ പറഞ്ഞു.

"അതിന് നീയെവിടെ?"

"കണാരാ, കണാരാ"

നീണ്ട വിളികൾ കണാരനെ അന്വേഷിച്ചു പോയി.

> ലോകം ഒരു വലിയ കണ്ണായി അവളെ നോക്കി. അവളോരൊ നോക്കിലും ചുരുങ്ങി, ചുരുങ്ങി ഒരു പുഴുവിനോളം ചെറുതായി. ഒടുവിൽ ഓടിരക്ഷപ്പെടാനെന്നോണം കുഞ്ഞിക്കാലുകൾ ഊന്നി പൊള്ളിക്കിടന്ന വെയിൽ നിരത്തിലേക്ക് ഊർന്നിറങ്ങി.

ഇതേതാ സ്ഥലം?
കാറ്റ് ചോദിച്ചു.
പുനർജ്ജനി.
മുല്ല പറഞ്ഞു.
അതായത്.
"സ്നേഹമാണഖില സാരമൂഴിയിൽ."
കാറ്റ് മുല്ലയെ കെട്ടിപ്പിടിച്ച് ഒരു മുത്തം കൊടുത്തു.

ആരും കേൾക്കാനില്ലാതെ വിളികൾ തിരിച്ചു വന്നു.

ഇലകളുടെ മുകൾത്തട്ടിൽ വന്നു നിന്ന് ഉത്തര വിളിച്ചു.

"അമ്മേ. അമ്മക്ക് സുഖാണോ?"

ഭാർഗ്ഗവി വിളി കേട്ടു.

മോളെ.

"അടുത്ത ജന്മത്തിലും ഞാനമ്മയുടെ വയറ്റിൽ തന്നെ. ഇത്രയും ശാന്തനായി ഈ അച്ഛനുണ്ടെങ്കിൽ."

ഉത്തമൻ ഞെട്ടി പിടഞ്ഞെഴുന്നേറ്റു.

ഭാർഗ്ഗവി.

"നമ്മുടെ മോള്."

മോളോ.

വെള്ളത്തുണിയിൽ പൊതിഞ്ഞ് ഉത്തര വന്നതാണല്ലോ. അച്ഛനോട് പിണങ്ങി, അമ്മയോട് പിണങ്ങി, കൂട്ടുകാരോടും അവളുടെ പൂച്ചക്കുട്ടിയോടും പിണങ്ങി. കണ്ണു തുറക്കാതെ.

ഓട്ടോയിൽ കയറിപ്പോയ കാറ്റ് വെറും കൈയ്യോടെ തിരികെ വന്നു.

ഉറക്കം നടിക്കുന്ന തെരുവിലൂടെ, ആകാശത്ത് അരിക് വളഞ്ഞ ചന്ദ്രക്കലക്ക് കീഴിലൂടെ, ഒറ്റക്കായിപ്പോയ നെടുവീർപ്പുകൾക്കിടയിലൂടെ, ഓർമ്മകൾ നനച്ചിട്ട മനസ്സിലൂടെ.

അലഞ്ഞു തിരിയുന്ന കാറ്റിനെ ഇറുകെ പുണർന്നൊരു മുല്ല ഉറുമ്പടക്കം പിടിച്ചു.

ഇതേതാ സ്ഥലം?

കാറ്റ് ചോദിച്ചു.

പുനർജ്ജനി.

മുല്ല പറഞ്ഞു.

അതായത്.

"സ്നേഹമാണഖില സാരമൂഴിയിൽ."

കാറ്റ് മുല്ലയെ കെട്ടിപ്പിടിച്ച് ഒരു മുത്തം കൊടുത്തു. ■

സ്ഥാപിതം: 1983

ഓണാശംസകൾ!



അമല കുറീസ് (പ്രൈ) ലിമിറ്റഡ്

അമല ബിൽഡിംഗ്, പാലയ്ക്കപ്പറമ്പ്
പി.ഒ. കല്ലൂർ, തൃശൂർ - 680 317
Phone: 0480 2751149, 9142573080, E-mail: amalakurieskallur@gmail.com

കേന്ദ്രചിട്ടി നിയമപ്രകാരം
കുറികൾ നടത്തിവരുന്നു

| ചെയർമാൻ | മാനേജിംഗ് ഡയറക്ടർ | സെക്രട്ടറി |
|---|---|---|
| പി.എൽ. ആന്റണി | വി.ഡി. പോൾ | കെ. രാജേഷ് |